പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6912 10.07.2014 ലെ മറുപടിക്ക്

## സ്വയംപര്യാപ്ത അധിവാസ കേന്ദ്ര പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) | സ്വയംപര്യാപ്ത അധിവാസ കേന്ദ്ര പദ്ധതിയിലേക്ക് പട്ടികജാതി സങ്കേതങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; | (എ) | അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനി കളെയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. ഇപ്രകാരമുള്ള കോളനികളെ നിർദ്ദേശിക്കുന്നത് ബന്ധപ്പെട്ട എം. എൽ. എ/ എം. പി. മാരാണ്. |
| (ബി) | ഈ പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | കോളനിയ്ക്കുള്ളിലുള്ള റോഡുകൾ, വൈദ്യുതീകരണം, കുടിവെള്ളം, സാനിറ്റേഷൻ, വീട് പുനരുദ്ധാരണം, കളിസ്ഥലം, ബയോഗ്യാസ്പ്ലാന്റ്, ജലസേചന പദ്ധതികൾ, അടുക്കളത്തോട്ടങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, വരുമാനദായക പദ്ധതികൾ, കാര്യശേഷി വികസന പരിപാടികൾ, വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ എന്നിവയാണ് കോളനികളിൽ ചെയ്യാനുദ്ദേശിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ. |
| (സി) | എത്ര സങ്കേതങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ അർഹമായിട്ടുള്ളത് എന്ന് കണക്കാക്കി യിട്ടുണ്ടോ; എങ്കിൽ അവയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | 2009-10 ലെ കിലയുടെ സർവ്വെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 436 കോളനികളെയാണ് സ്വയംപര്യാപ്ത കോളനിയിൽ ഉൾപ്പെടുത്താൻ അർഹമായിട്ടുള്ളത്. അവയുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| നം. | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 62 |
| 2. | കൊല്ലം | 48 |
| 3. | പത്തനംതിട്ട | 22 |
| 4. | ആലപ്പുഴ | 21 |
| 5. | കോട്ടയം | 23 |

| | |
|---|---|---|
| 6. | ഇടുക്കി | 43 |
| 7. | എറണാകുളം | 37 |
| 8. | തൃശ്ശൂർ | 67 |
| 9. | പാലക്കാട് | 46 |
| 10. | മലപ്പുറം | 27 |
| 11. | കോഴിക്കോട് | 17 |
| 12. | വയനാട് | 4 |
| 13. | കണ്ണൂർ | 9 |
| 14. | കാസർഗോഡ് | 10 |
| | ആകെ | 436 |

| | | | |
|---|---|---|---|
| (ഡി) | എത്ര പട്ടികജാതി സങ്കേതങ്ങളെയാണ് ഈ വർഷം സ്വയംപര്യാപ്ത അധിവാസ കേന്ദ്ര പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | 2014-15 ൽ 50 കോളനികളെയാണ് തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ